Regd. No. 71285/99
Registered KL/CR/TCR/353/2003-05
Posted at Thrissur RMS/2 on 25&26/8/2004

Keraleeyam
2004 July-August

Licence No. KL/TCR/WPP-18/2004-2005
Licenced to post without prepayment
Rs. 10/-

● ആത്മകഥ

# സിനിമയിലേക്കുള്ള എന്റെ വരവ്

ഋത്വിക് ഘട്ടക്ക്
വിവർത്തനം : മാങ്ങാട് രത്നാകരൻ

തുടക്കത്തിൽ ഞാനൊരു എഴുത്തുകാരനായിരുന്നു. 1943 മുതൽത്തന്നെ എഴുതിത്തുടങ്ങിയിരുന്നു. നൂറോളം ചെറുകഥകളും രണ്ട് നോവലുകളും എഴുതി. അന്നത്തെ ബംഗാളിന്റെ അവസ്ഥ ഞാൻ ചുറ്റിലും കണ്ടു. അതെന്നെ മഥിച്ചിരുന്നു.


സാഹിത്യം ഒന്നാന്തരം മാധ്യമാണെങ്കിലും അത് മനുഷ്യമനസ്സിൽ സാവധാനത്തിൽ മാത്രമേ ചലനമുണ്ടാക്കൂ എന്നൊരു വിചാരം അക്കാലത്തേ എന്റെ മനസ്സിൽ വേരുറച്ചു. ഈ മാധ്യമം അപര്യാപ്തമാണെന്നും എനിക്കു തോന്നി. വളരെ ചെറിയൊരു വായനാ സമൂഹം. ഗൗരവമുള്ള സാഹിത്യത്തിന് അതിലും കുറവ്.

ബംഗാളിൽ ആ സമയത്ത് ഒരു വിപ്ലവം ഉദയം ചെയ്തു. 'നമ്പണ്ണ'യിലൂടെ പേരുകേട്ട, ശ്രീ ബിജൻ ഭട്ടാചാര്യയുടെ നാടകസാഹിത്യത്തെ തരംഗം ബംഗാളിൽ അലയടിച്ചു. അത് ഞങ്ങളുടെ ചിന്താരീതിയെത്തന്നെ വിപ്ലവകരമായി മാറ്റിമറിച്ചു. സാഹിത്യത്തെക്കാൾ ശക്തവും ആസന്നവുമായ മാധ്യമാണിതെന്ന് ഞാനപ്പോഴേ തീർച്ചയാക്കി. അങ്ങനെ നാടകങ്ങൾ എഴുതിത്തുടങ്ങി. അതിൽ അഭിനയിച്ചു, സംവിധാനം ചെയ്തു. നാടകവുമായി ബന്ധപ്പെട്ട പല പണികളും ഞാൻ ചെയ്തു. ഈ പ്രവർത്തനങ്ങളുടെ ഭാഗമായി ഇപ്റ്റ എന്ന ഇന്ത്യൻ പീപ്പിൾസ് തിയേറ്റർ അസോസിയേഷനിൽ സജീവമായി പ്രവർത്തിച്ചു.

ഞാനും സഹപ്രവർത്തകരും ബംഗാളിൽ പലയിടങ്ങളിലും ഞങ്ങളുടെ നാടകസംഘവുമായി ചുറ്റിക്കറങ്ങി. സമൂഹത്തെ കാർന്നുതിന്നുന്ന തിന്മകളെ തുറന്നുകാട്ടുന്ന കലാപ്രവർത്തനമായിരുന്നു അത്. ഏതാണ്ട് പതിനായിരം വരുന്ന ആളുകളുടെ മുമ്പിലെങ്കിലും ഞാൻ അഭിനയിച്ചിട്ടുണ്ടാകും.

നാടകവും അപര്യാപ്തമായ ഒരു മാധ്യമമാണെന്നു ഞാൻ കണ്ടെത്തി. സിനിമയാണ് ഒരേയൊരു മാധ്യമം! അതിന് ഒരേ സമയം, സ്ഥലകാലഭേദമില്ലാതെ ലക്ഷക്കണക്കിന് ആളുകളിലേക്ക് എത്താനാവും. മറ്റൊരു മാധ്യമത്തിനും അതിനു കഴിവില്ല.

അങ്ങനെ സിനിമ എന്റെ മാധ്യമമായി തെരഞ്ഞെടുത്തു. പണമുണ്ടാക്കുക തുടങ്ങിയ ആഗ്രഹങ്ങൾ എന്റെ സിനിമാപ്രവേശനത്തിന് പിന്നിലുണ്ടായിരുന്നില്ല. എന്റെ പ്രിയപ്പെട്ട ജനങ്ങളുടെ ദുരിതംനിറഞ്ഞ ജീവിതം കണ്ടുണ്ടായ തീരാവേദനകൾ ആവിഷ്കരിക്കുക മാത്രമായിരുന്നു എന്റെ ലക്ഷ്യം. 'വിനോദിപ്പിക്കുന്നതിൽ' എനിക്കു താല്പര്യമില്ല. കഥാപാത്രങ്ങളെക്കൊണ്ട് മുദ്രാവാക്യം വിളിപ്പിക്കുന്നതിലും പകരം ഈ പ്രപഞ്ചത്തെക്കുറിച്ച്, ഈ ലോകത്തെക്കുറിച്ച്, അന്തർദേശീയ സാഹചര്യത്തെക്കുറിച്ച്, എന്റെ രാജ്യത്തെക്കുറിച്ച്, എന്റെ ജനതയെക്കുറിച്ച് ആഴത്തിൽ മനസ്സിലാക്കുകയും ചിന്തിക്കുകയും ചെയ്യുന്നതിലാണെനിക്കു താല്പര്യം. അവർക്കായാണ് ഞാൻ സിനിമയുണ്ടാക്കുന്നത്. അതിൽ ഞാനൊരു പരാജയമായേക്കാം. പക്ഷേ അത് വിലയിരുത്തേണ്ടത് ജനങ്ങളാണ്.



മേഘ ധക്ക താരേ

കാരണം, എല്ലാ കലാസൃഷ്ടികളിലും രണ്ടുതരം ആളുകളുടെ പങ്കാളിത്തമുണ്ട്. വാങ്ങുന്നവന്റേയും കൊടുക്കുന്നവന്റേയും. സിനിമയുടെ കാര്യത്തിലാണെങ്കിൽ, സിനിമ കണ്ടുതുടങ്ങുന്നതോടെ പ്രേക്ഷകനും സ്രഷ്ടാവായിത്തീരുന്നു. ഇക്കാര്യം ചെറുകുറിപ്പിൽ വിശദീകരിക്കാനാവുമെന്ന് കരുതുന്നില്ല. ചുരുക്കത്തിൽ ഒരു കലാകാരൻ കുറെ ആശയങ്ങൾ മുന്നിൽ വയ്ക്കുന്നു. പ്രേക്ഷകനാണ് അതിനെ പൂരിപ്പിക്കുന്നത്. അങ്ങനെ മാത്രമേ ഒരു കലാസൃഷ്ടി പൂർണ്ണമാകൂ.

സിനിമ കാണാൻ പോകുക ഒരനുഷ്ഠാനമാണ്. വെളിച്ചം അണയുന്നു. പിന്നെ തിരശ്ശീലയുടെ ലോകം. പിന്നീട് പ്രേക്ഷകർ, മെല്ലെ മെല്ലെ ഒരൊറ്റ മനസ്സായിത്തീരുന്നു. അതൊരു സാമൂഹികമായ കൂട്ടായ്മയായിത്തീരുന്നു. അമ്പലത്തിലോ പള്ളിയിലോ പോകുന്നതുപോലുള്ള ഒരനുഭവമായിത്തീരുന്നു.

തന്റെ പ്രേക്ഷകരിൽ അത്തരമൊരു കൂട്ടായ്മയുടെ മാനസികാവസ്ഥ സൃഷ്ടിക്കാനാവുന്ന ചലച്ചിത്രകാരനെ മാത്രമേ നമുക്ക് മഹാനായ ചലച്ചിത്രകാരൻ എന്നു വിളിക്കാനാവൂ - ഐസൻസ്റ്റീൻ, പുഡോവ്കിൻ, ബുനുവൽ, മിസോഗുലി, ഒസു, ഫെല്ലിനി, സത്യജിത് റേ, കായോയാനിസ്, കൊസിൻസേപ്, ജോൺ ഫോർഡ് തുടങ്ങിയ ചലച്ചിത്രകാരന്മാർ ഈ പട്ടികയിൽ പെടും. ഞാൻ അക്കൂട്ടത്തിൽ പെടുമോ എന്നെനിക്കറിഞ്ഞുകൂടാ. പക്ഷേ അതിനായി ഞാൻ ശ്രമിക്കുന്നു.

Regd. with Registrar of Newspaper of India under No. 71285/99. Printed, Published and Owned by K. S. Pramod at Keralyeeam. Thrissur-21
Printed at Ayodhya Printers Pvt. Ltd., Kochi- for Pahdhabetham Printers, Thrissur-2 Editor : K.S. Pramod. Phone : 0487-2421385, E-mail : keraleeyamtcr@rediffmail.com